DESPATCHED On 02/06/2020

19/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ A.P. No.1168(6)/2016/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.9946/എസ്.ഐ.സി-ജി 5/2016)*

സന്നിഹിതൻ

### ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ.ടി.പി. മുനിറുദ്ദീൻ
നെല്ലിമൂട്ടിൽ അപ്പാർട്ടുമെന്റ്,
പി.ഒ. മുണ്ടുകോട്ടക്കൽ
പത്തനംതിട്ട 689649
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   കോഴിക്കോട് കോർപ്പറേഷൻ,
   1)റവന്യൂ വിഭാഗം 2)ടൗൺ പ്ലാനിംഗ് വിഭാഗം
   കോഴിക്കോട്, ബീച്ച് പി.ഒ , കോഴിക്കോട്- 673032

2. അപ്പീൽ അധികാരി & ഡെപ്യൂട്ടി സെക്രട്ടറി
   കോഴിക്കോട് കോർപ്പറേഷൻ,
   കോഴിക്കോട്- 673 032

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.04.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.05.2016 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.05..2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 02.07.2016 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08.08.2016 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 11.08.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07.09.2016 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 03.10.2016 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 19.03.2020 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, കോഴിക്കോട്. |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ മാർ(ടൗൺ പ്ലാനിംഗ് & റവന്യൂ) | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ടി.പി. മുനിറുദ്ദീൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് വ്യക്തമായ യാതൊരു മറുപടിയും നൽകിയില്ലായെന്നും പരാമർശിത കെട്ടിടത്തിന്റെ ബിൽഡിംഗ് രജിസ്റ്ററിന്റെ പ്രസക്ത പേജിന്റെ പകർപ്പ് എടുക്കുന്നതിലേക്കായി ആവശ്യമായ ഫീസ് എതിർകക്ഷി ഓഫീസിൽ ഹാജരായി ഒടുക്കണമെന്നാണ് നിർദ്ദേശിച്ചതെന്നും ആയതു വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിൽ നിഷ്ക്കർഷിച്ചിട്ടുള്ള സമയ പരിധി ലംഘിച്ചാണെന്നും മേൽപ്പടി മറുപടി നിഷേധാത്മകമാണെന്നും മേൽ കാര്യങ്ങൾ ചൂണ്ടിക്കാട്ടി അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് 2004-2005 വർഷത്തെ ഡിമാന്റ് രജിസ്റ്ററിന്റെ പകർപ്പും 01.04.2016 തീയതി property tax സ്വീകരിച്ച രസീതിന്റെ പകർപ്പും നൽകിയെന്നും ടിയാന്റെ അപേക്ഷയിലെ 1 മുതൽ 5 വരെയുള്ള ഇനങ്ങൾ സംബന്ധിച്ച വിവരങ്ങളും 9-ാം ഇനം സംബന്ധിച്ച വിവരവും ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ നിന്ന് നൽകുന്നതാണെന്നു അറിയിച്ചുവെന്നും ടിയാന്റെ അപേക്ഷയിലെ 6-ാം ഇനം സംബന്ധിച്ച് വിവരമൊന്നും നൽകിയില്ലായെന്നും 7, 8 എന്നീ ഇനങ്ങൾ സംബന്ധിച്ച് അപൂർണ്ണവും അവ്യക്തവുമായ ഉത്തരമാണ് നൽകിയതെന്നും 2000 ന് മുമ്പുള്ള അസസ്സ്മെന്റ് ആയതിനാൽ മേൽപ്പടി കെട്ടിടവുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമല്ലായെന്നാണ് റവന്യൂ വിഭാഗത്തിൽ നിന്ന് അറിയിച്ചിട്ടുള്ളതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ എതിർകക്ഷിക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്.

i. വെള്ളയിൽ ഹെൽത്ത് സെന്ററിന് സമീപം നാലുംകൂടി പറമ്പിൽ 3/1474-ബി എന്ന കെട്ടിട നമ്പർ രേഖപ്പെടുത്തിയതും പടിഞ്ഞാറോട്ട് മുഖമുള്ള ഇരുനില കോൺക്രീറ്റ് വീട് കോർപ്പറേഷനിൽ നിന്ന് അനുവാദം വാങ്ങിയാണോ നിർമ്മിച്ചിട്ടുള്ളതെന്നും അതെയെങ്കിൽ കെട്ടിട നിർമ്മാണ അനുവാദ പത്രത്തിന്റെയും രേഖകളുടെയും രേഖപ്പെടുത്തലുകളുടെയും പകർപ്പ് നൽകണമെന്നും

RIGHT TO INFORMATION

ii. മേൽപ്പടി കെട്ടിടം നിർമ്മിക്കുന്നതിന് കോർപ്പറേഷനിൽ നിന്നും അനുവാദ പത്രം ലഭിക്കുന്നതിനായി കെട്ടിട ഉടമ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ മേൽപ്പടി അപേക്ഷയുടെ പകർപ്പും അതോടൊപ്പം ഉള്ളടക്കം ചെയ്ത മുഴുവൻ രേഖകളുടെ പകർപ്പും നൽകണമെന്നും

iii. മേൽ പ്രസ്താവിച്ച കെട്ടിടത്തിന്റെ അധികാര പരിധിയിലുള്ള വില്ലേജ് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ് ഏതെല്ലാമാണെന്നും

iv. മേൽപ്പടി കെട്ടിടം നിർമ്മിക്കാൻ അനുവാദം ചോദിച്ചു കൊണ്ട് സമർപ്പിച്ച അപേക്ഷയിൽ സർവ്വേ നമ്പർ, റീസർവ്വേ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ കോഴിക്കോട് കോർപ്പറേഷൻ റവന്യൂ വിഭാഗം എസ്.പി.ഐ.ഒ ഹർജിക്കാരന്റെ അപേക്ഷയിലെ 6, 7, 8 എന്നീ ഇനങ്ങൾ സംബന്ധിച്ച് മറുപടി നൽകുകയുണ്ടായി. ആയതു പ്രകാരം അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 6, 7 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിലേയ്ക്കായി ആവശ്യപ്പെട്ട ഫീസ് ഒടുക്കുന്നതിലേക്കായി തിരിച്ചറിയൽ കാർഡ് സഹിതം എതിർകക്ഷി ഓഫീസിൽ ഹാജരാകണമെന്നും 8-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, നിലവിൽ കെട്ടിട നികുതി ഈടാക്കുന്നത് രജിസ്റ്ററിൽ രേഖപ്പെടുത്താറില്ലെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, അപേക്ഷ നൽകി 42 ദിവസം കഴിഞ്ഞാണ് ടിയാന് ഒന്നാം എതിർകക്ഷിയുടെ മറുപടി ലഭിച്ചതെന്നും മേൽപ്പടി മറുപടി ധിക്കാരപരവും നിഷേധാത്മകവും ആയിരുന്നുവെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 6, 7, 8 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ടിയാന് സൗജന്യമായി നൽകേണ്ടതാണെന്നും ഒന്നു മുതൽ അഞ്ചു വരെയുള്ള ഇനങ്ങളിലും 9-ാം ഇനത്തിലും ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ടൗൺ പ്ളാനിംഗ് വിഭാഗത്തിൽ നിന്നും നേരിട്ട് മറുപടി ലഭിക്കുന്നതാണെന്നുമാണ്. ആയതിനെ തുടർന്ന് റവന്യൂ വിഭാഗം ഹർജിക്കാരൻ 6, 7, 8 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ 04.07.2016 തീയതി സൗജന്യമായി അയച്ചു കൊടുത്തതായി കാണുന്നു. ടൗൺ പ്ലാനിംഗ് വിഭാഗം എസ്.പി.ഐ.ഒ. 02.07.16 തീയതി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നു മുതൽ അഞ്ചു വരെയുള്ള ഇനങ്ങൾ സംബന്ധിച്ച് മറു

RIGHT TO INFORMATION

പടി നൽകുന്നതിന് അപേക്ഷ ഫയൽ നമ്പർ ആവശ്യമാണെന്നും ആയതിനാൽ 3/1474-B നമ്പർ കെട്ടിടത്തിന് നമ്പർ അനുവദിച്ച രേഖകൾ ലഭ്യമാക്കുന്നതിന് റവന്യൂ വിഭാഗത്തിലേക്ക് കുറിപ്പ് നൽകിയിരുന്നുവെന്നും എന്നാൽ 2000 ന് മുമ്പുള്ള അസസ്സ്മെന്റ് ആയതിനാൽ ഫയൽ നമ്പർ ലഭ്യമല്ലെന്ന് റവന്യൂ വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് സഹായിക്കുന്ന മറ്റേതെങ്കിലും സൂചന വിവരങ്ങൾ കിട്ടുമെങ്കിൽ ആയത് നൽകേണ്ടതാണെന്നും മറ്റുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 6, 7, 8 എന്നീ ഇനങ്ങൾ സംബന്ധിച്ച് റവന്യൂ വിഭാഗം ആദ്യം ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ബന്ധപ്പെട്ട രേഖകൾക്ക് ലഭ്യമായ ഫീസ് അടവാക്കുന്നതിലേക്കായി തിരിച്ചറിയൽ രേഖയുമായി എതിർകക്ഷി ഓഫീസിൽ ഹാജരാകണമെന്നാണ്. മേൽപ്പടി മറുപടി ഹർജിക്കാരന് സമയബന്ധിതമായി നൽകിയിരുന്നില്ലെന്നും കാണുന്നു. മേൽപ്പടി മറുപടി വിവരാവകാശ നിയമത്തിലെ 7(3) (എ) വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള പൂർണ്ണ വിവരങ്ങൾ നൽകാതെയുള്ളതായിരുന്നു എന്നും കാണുന്നു. മേൽപ്പടി വീഴ്ചകൾ വിവരാവകാശ നിയമ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമായതിനാൽ മേൽപ്പടി വീഴ്ചകൾക്കുത്തരവാദിയായ പരാമർശിത കാലയളവിലെ റവന്യൂ വിഭാഗം എസ്.പി.ഐ.ഒ. ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ റവന്യൂ വിഭാഗം SPIO യ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ നേരിൽക്കണ്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

4. ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നു മുതൽ അഞ്ചു വരെയും 9–ാം ഇനത്തിലും ആവശ്യപ്പെട്ട വിവരങ്ങൾ . ടൗൺ പ്ലാനിംഗ് വിഭാഗം നൽകാത്തത് ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ കഴിയാത്തതിനാലാണ് എന്നു കാണുന്നു. ആയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ബന്ധപ്പെട്ട ഫയൽ കണ്ടെത്തുന്നതിലേക്ക് ലഭ്യമായ വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ നിന്നു തന്നെ തിട്ടപ്പെടുത്തി ഫയൽ കണ്ടെത്തേണ്ടതായിരുന്നുവെന്നും ആയതിനുശേഷം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് നൽകേണ്ടതായിരുന്നുവെന്നും കാണുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ടൗൺ പ്ലാനിംഗ് എസ്.പി.ഐ.ഒ. ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ ടി SPIO യ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

5. ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നു മുതൽ അഞ്ചു വരെയും 9–ാം ഇനത്തിലും ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവു കൈപ്പറ്റി 25 ദിവസങ്ങൾക്കകം ഹർജിക്കാരന് നൽകണമെന്നും കമ്മീഷൻ നിലവിലെ ടൗൺ പ്ലാനിംഗ് എസ്.പി.ഐ.ഒ. യോട് നിർദ്ദേശിക്കുന്നു. ഏതെങ്കിലും സാഹചര്യത്തിൽ മേൽപ്പടി ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഹർജിക്കാരന് നൽകാൻ സാധിക്കുന്നില്ലെങ്കിൽ ആയതു വ്യക്തമാക്കി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി കമ്മീഷൻ മുമ്പാകെ വിശദമായ ഒരു റിപ്പോർട്ട് ഈ ഉത്തരവു കൈപ്പറ്റി 45 ദിവസങ്ങൾക്കകം കമ്മീഷൻ മുമ്പാകെ സമർപ്പിക്കണമെന്ന് ഉത്തരവാകുന്നു. ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരനും സൗജന്യമായി അയച്ചു നൽകേണ്ടതാണ്. ആയതിലേക്കായി ഈ ഉത്തരവിന്റെ പകർപ്പ്

കമ്മീഷൻ സെക്രട്ടറി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിക്ക് അയച്ചു നൽകേണ്ട താണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 19-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം. പോൾ

മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION